## 125. ഒരു കൊള്ളക്കാരൻെറ കഥ

കാമദേവസിംഹ് എന്ന കൊള്ളക്കാരൻ പോലീസിനോടുള്ള ഏററുമുട്ടലിൽ മരിച്ചതായി ഏപ്രിൽ മദ്ധ്യത്തിൽ പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. കേരളത്തിൽ അധികമാളുകളും ഈ റിപ്പോർട്ട് ശ്രദ്ധിച്ചിരിക്കുകയില്ല. എങ്കിലും ഈ റിപ്പോർട്ട് എന്നെ ആകർഷിച്ചു. കാരണം, 1978 ഏപ്രിലിൽ രണ്ടാഴ്ച ബിഹാറിൽ സഞ്ചരിച്ചിരുന്നപ്പോൾ കാമദേവസിംഹിനെപ്പററി പല കഥകളും ഞാൻ കേട്ടിരുന്നു. അതിൽപിന്നീട്, അയാളുടെ അക്രമങ്ങളെപ്പററി പത്രങ്ങളിൽ വരുന്ന വാർത്തകൾ ഞാൻ ശ്രദ്ധിക്കാറുമുണ്ടായിരുന്നു. അയാളുടെ മരണം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ഉത്തരേന്ത്യയിലെ കൊള്ളക്കാരെപ്പററി മാത്രമല്ല, തെരഞ്ഞെടുപ്പു—രാഷ്ട്രീയപ്രവർത്തനത്തെക്കുറിച്ചുകൂടി പല ഉൾക്കാഴ്ചകളും നൽകുമെന്നതിനാൽ, ഈ വിവരങ്ങളുടെ സംക്ഷേപം ഇവിടെ കുറിക്കാം.

ബിഹാറിൽ ബേഗുസരായ് ജില്ലയിൽ, ഗംഗാതീരത്തുള്ള നയാഗാവ് എന്ന ഗ്രാമത്തിൽ ഭൂമിഹാർ ജാതിയിൽപ്പെട്ട നാഥോസിംഹൻെറ മകനായാണ്, അരനൂററാണ്ടിലേറെമുമ്പ്, കാമദേവസിംഹ് പിറന്നത്. 'ഭൂമിഹാർ' എന്നാൽ, ഭൂമി നേടിയവൻ എന്നർത്ഥം. കാർഷികവൃത്തി സ്വീകരിക്കുകയാൽ ആഭിജാത്യം അല്പം നഷ്ടപ്പെട്ട ബ്രാഹ്മണരാണ് 'ഭൂമിഹാർ'മാർ. ദരിദ്രനായ നാഥോസിംഹൻെറ ഈ നാലാമത്തെ പുത്രൻെറ ബാല്യകാലത്തെപ്പററി ഐതിഹ്യങ്ങളൊന്നുമില്ല. കൂലിപ്പണിയെടുത്തു കുറച്ചു പണമുണ്ടാക്കി അയാൾ 1950-നടുത്ത് ഒരു കാളവണ്ടി സ്വന്തമാക്കി അതിൽ കല്ക്കരി കടത്താൻ തുടങ്ങി. ഗംഗയ്ക്കും നേപ്പാൾ അതിർത്തിക്കും ഇടയിലുള്ള ബേഗുസരായ് കള്ളക്കടത്തുകാരുടെ ഒരു കേന്ദ്രമായിരുന്നു. നേപ്പാളിൽ ധാരാളം കിട്ടുന്ന കഞ്ചാവിനു് ഇന്ത്യയിൽ നല്ല മാർക്കററുണ്ടായിരുന്നു. കൽക്കരി കടത്തുന്നതിനേക്കാൾ നല്ലതു് കഞ്ചാവുകടത്തലാണെന്ന് കാമദേവസിംഹ് മനസ്സിലാക്കാൻ വളരെ താമസമുണ്ടായില്ല. ഏതാനും വർഷങ്ങൾക്കുള്ളിൽ അയാൾ ഒട്ടേറെ ടാക്സികളുടെയും ലോറികളുടെയും ഉടമയായി; കൽക്കത്തയിലും ബോംബെയിലുംവരെ വ്യാപിച്ച ഒരു കള്ളക്കടത്തുശൃംഖലയുടെ നേതാവുമായി.

കാമദേവസിംഹ് കള്ളക്കടത്തിൽ പ്രവേശിച്ചകാലത്തു് ഇന്ത്യയുടെ നേപ്പാൾ അതിർത്തിയിൽ വലിയ കാവലൊന്നുമുണ്ടായിരുന്നില്ല. ഇന്ത്യാഗവണ്മെൻറ് അവിടെ കാവൽ ഏർപ്പെടുത്തുമ്പോഴേക്ക് കാമദേവസിംഹിൻെറ പണവും പ്രതാപവും അതിരററു വർദ്ധിച്ചിരുന്നു. തെരഞ്ഞെടുപ്പിൽ ജയിക്കുന്നതിനു് രാഷ്ട്രീയകക്ഷികൾക്ക് അയാളുടെ പണവും ഗുണ്ടകളും ആവശ്യമായിരുന്നു.

ആദ്യമാദ്യം കാമദേവസിംഹ് കോൺഗ്രസ്സിലെ ഗ്രൂപ്പുകളെ മാറിമാറി സഹായിച്ചുവന്നു. 1957—ലെ തെരഞ്ഞെടുപ്പിൽ അയാൾ കമ്യൂണിസ്റ്റ്പാർട്ടിയുടെ ഭാഗത്തായിരുന്നു. പക്ഷേ, 1962 ആയപ്പോഴേക്കും കോൺഗ്രസ് അയാളുടെ അനുഭാവം തിരികെ നേടി. അന്നുമുതൽ കമ്യൂണിസ്റ്റ്പാർട്ടിയുടെ (ബിഹാറിൽ ഇതു് സി. പി. ഐ. ആണ്) ഒന്നാംനമ്പർ ശത്രുവായിത്തീർന്നു കാമദേവ്സിംഹ്. സീതാരാം മിശ്ര എന്ന എം. എൽ. എ. അടക്കം പല സി. പി. ഐ.ക്കാരുടേയും വധത്തിൽ അയാൾക്ക പങ്കുള്ളതായി പറയപ്പെടുന്നു. 1977—ലെ തെരഞ്ഞെടു

പ്പിൽ ജനതാപാർട്ടിയെയാണ് കാമദേവസിംഹ് സഹായിച്ചത്. 1980—ലെ തെരഞ്ഞെടുപ്പിനുമുമ്പ് അയാൾ ഇന്ദിരാകോൺഗ്രസ്സിന്റെ അനുഭാവിയായിത്തീർന്നു. ബൂത്തുകൾ പിടിച്ചുപററുക, ബാലററുപെട്ടികൾ എടുത്തുകൊണ്ടുപോവുക മുതലായ 'തന്ത്രങ്ങൾ' ബിഹാറിലെ തെരഞ്ഞെടുപ്പിൽ സാധാരണയാണ്. കാമദേവസിംഹിന്റെ സഹായം, തീർച്ചയായും തെരഞ്ഞെടുപ്പുകളിൽ നിർണായകമായിരുന്നു.

കള്ളക്കടത്ത്, കൊള്ള, രാഷ്ട്രീയം എന്നിവയിൽ മുഴുകിയിരിക്കെത്തന്നെ, ഒരു ധീരോദാത്തനായകനെന്ന നിലയിൽ തന്റെ പ്രതിച്ഛായ ജനങ്ങൾക്കിടയിൽ വളർത്താനും കാമദേവസിംഹ് മറന്നില്ല. അപ്പോഴും ഗ്രാമീണകർഷകന്റെ സരളജീവിതം നയിച്ചിരുന്ന അയാൾ മദ്യത്തിൽനിന്നും മദിരാക്ഷിമാരിൽനിന്നും അകന്നുനിന്നു. പണക്കാരെ കൊള്ളയടിച്ച് അയാൾ പാവങ്ങൾക്കു നൽകി. ക്രൂരമെങ്കിലും ശീഘ്രമായ നീതിനിർവഹണത്തിന് അയാൾ വിഖ്യാതി നേടി. മദ്ധ്യപ്രദേശിൽ മുമ്പ് മാൻസിംഹിനുണ്ടായിരുന്ന സ്ഥാനമായിരുന്നു ബിഹാറിൽ പിന്നീട് കാമദേവസിംഹിന്. രണ്ടുമൂന്നു ദശകങ്ങൾക്കുള്ളിൽ പല ഐതിഹ്യകഥകളും അയാളെ ചൂഴ്ന്നു രൂപമെടുത്തു.

പോലീസ് ആദ്യമാദ്യം ഈ വണ്ടിക്കാരനെ ശ്രദ്ധിച്ചില്ല. പിന്നീട് പോലീസിനു പിടിക്കാനാവാത്തവിധം രാഷ്ട്രീയസ്വാധീനം അയാൾ നേടി. 1972 കാലങ്ങളിൽ ബേഗുസരായ് ജില്ലയിലെ ഡി. ഐ. ജി. ആയിരുന്ന രാമചന്ദ്ര ഖാൻ അയാളെ അറസ്റ്റുചെയ്യാൻ ഒരു തീവ്രശ്രമം നടത്തി. പക്ഷേ, കാമദേവസിംഹ് അത്ഭുതകരമാംവിധം രക്ഷപ്പെട്ടു.

1980 ഫെബ്രുവരിയിൽ നടന്ന ഇരുപതു കൊലപാതകങ്ങളുടെ ഉത്തരവാദിത്തം കാമദേവസിംഹിൽ നിക്ഷിപ്തമായിട്ടുണ്ട്. അയാളുടെ ക്രൂരകൃത്യങ്ങളിലേക്കു സർക്കാരിന്റെ ശ്രദ്ധ ആകർഷിക്കാൻ സൂര്യനാരായൺസിംഹ് എന്ന സി. പി. ഐ. എം. പി. 1980 മാർച്ച് 20—ാം തീയതി ഒരു 'പ്രതിഷേധനിരാഹാരം' നടത്തി; സി. പി. ഐ.ക്കാരുടെ ഒരു നിവേദകസംഘം ഇന്ദിരാഗാന്ധിയെ സന്ദർശിക്കുകയും ചെയ്തു. സർക്കാർ കാമദേവസിംഹിന്റെ തലയ്ക്കു 35,000 രൂപ വില കെട്ടി.

സ്വന്തം ഗ്രാമത്തെ വെള്ളപ്പൊക്കത്തിൽനിന്നു രക്ഷിക്കാനായി ഗംഗാനദിയുടെ തിണ്ട് മണ്ണിട്ട് ഉയർത്തിക്കൊണ്ടിരുന്ന ഒമ്പതു തൊഴിലാളികളുടെ പണി നോക്കിനില്ക്കവേ, ഏപ്രിൽ 18—ാം തീയതി സെൻട്രൽ റിസർവ് പോലീസിന്റെ ഒരു സംഘം കാമദേവസിംഹിനെ വളഞ്ഞു. തൊഴിലാളികൾ രണ്ടു ഭാഗങ്ങളിലേക്ക് ഓടി; എങ്കിലും അവർ പോലീസിന്റെ പിടിയിലായി. രക്ഷപ്പെടാൻ വേണ്ടി കാമദേവസിംഹ് ഗംഗയിൽ ചാടി. താക്കീതുകൾ വകവെക്കാതിരുന്ന അയാളെ പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് ഹർജീന്ദ്രസിംഹ് വെടിവെച്ചു. ഉണ്ട തലയിൽ ഏററ കാമദേവസിംഹ് നെഞ്ചൊപ്പം വെള്ളത്തിൽ താഴ്ന്നുപോയി. ഉറപ്പുവരുത്താൻ പോലീസ് വെള്ളത്തിലേക്ക് ഒരു വെടികൂടി വെച്ചു. ഒരു മണിക്കൂർ കാത്തശേഷം വല വരുത്തി വെള്ളത്തിനടിയിൽ തപ്പി കാമദേവസിംഹിന്റെ മൃതശരീരം പോലീസ് പുറത്തെടുത്തു. ഐസിൽ കിടത്തി ബേഗുസരായിയിൽ പ്രദർശിപ്പിച്ച ഈ ശരീരം കാണാൻ പതിനായിരക്കണക്കിന് ആളുകൾ കൂടി. അവരിൽ പലരും ദുഃഖാകുലരായിരുന്നു. കാരണം, അയാളുടെ ഔദാര്യത്തിന്റെയും ധീരതയുടെയും സ്വാദ് നേരിട്ടോ, പരോക്ഷമായോ അറിഞ്ഞവരായിരുന്നു അവർ. അങ്ങനെ വീരോചിതമായ മരണാനന്തരച്ചടങ്ങുകളോടെ കാമദേവസിംഹ് കഥാവശേഷനായി.

അടിയന്തിരാവസ്ഥക്കാലത്ത് ദൽഹിയിൽ, യമുനയിൽവെച്ചു സംഭ

വിച്ച 'സുന്ദർ' എന്ന കൊള്ളക്കാരന്റെ മരണം പിന്നീട് പല പ്രക്ഷോഭ ങ്ങൾക്കും കാരണമാവുകയുണ്ടായല്ലോ. കാമദേവസിംഹന്റെ മരണം നടന്നതു സംശയാസ്പദങ്ങളായ സാഹചര്യങ്ങളിലാണെന്നു പ്രചരിപ്പിക്കാനും ആളുകൾ ഉണ്ടായി. ഈ കൊലപാതകത്തെപ്പറ്റി ഒരു ജൂഡീഷ്യൽ എൻക്വയറി നടത്തണമെന്ന് ബിഹാറിലെ 'റാഡിക്കൽ ഫ്രണ്ട്' എന്ന രാഷ്ട്രീയസംഘടന ആവശ്യപ്പെട്ടിട്ടുണ്ട്. നിർണായകമായ ഒരു അസംബ്ലി തെരഞ്ഞെടുപ്പിനുമുമ്പ് എങ്ങനെ, അഥവാ എന്തിന്, അയാൾ വധിക്കപ്പെട്ടു എന്ന ചോദ്യമാണ് ഇവർ ഉന്നയിക്കുന്നത്. പോലീസിന്റെ പിടിയിൽനിന്ന് ഇത്രയും കാലം സാമർത്ഥ്യപൂർവം ഒഴിഞ്ഞുനിന്ന അയാൾ തീരെ കരുതലില്ലാതെ സ്വന്തം ഗ്രാമത്തിൽ നിരായുധനായി പ്രത്യക്ഷപ്പെട്ടതെങ്ങനെ എന്നാണു മററു ചിലരുടെ സംശയം. ചംബൽ താഴ്വരയിലെ കൊള്ളക്കാരെപ്പോലെ പോലീസിനു കീഴടങ്ങുകയും രാഷ്ട്രീയാഭയം നേടുകയുംചെയ്യതിനുശേഷം അയാളെ വെടിവെച്ചു കൊന്നതാവാമെന്നും, അങ്ങനെ കടുത്ത വിശ്വാസവഞ്ചനയാവാം ഈ വധമെന്നും അവർ കരുതുന്നു.

ഇന്ത്യയെപ്പോലുള്ള ദരിദ്രരാജ്യങ്ങളിലെ തെരഞ്ഞെടുപ്പുരാഷ്ട്രീയത്തിന്റെ ഒരു സവിശേഷത ഈ കൊള്ളക്കാരന്റെ ചരിത്രം വെളിപ്പെടുത്തുന്നുണ്ട്. വോട്ടു നേടാൻ ഏതു മാർഗവും അംഗീകരിക്കാമെന്നതാണല്ലോ ഇവിടങ്ങളിലെ രാഷ്ട്രീയസദാചാരം. പണം നൽകിയിട്ടാണെങ്കിലങ്ങനെ, ജാതിയും മതവും പറഞ്ഞിട്ടാണെങ്കിലങ്ങനെ, തെമ്മാടികളെക്കൊണ്ടു ഭീഷണിപ്പെടുത്തിയിട്ടാണെങ്കിലങ്ങനെ—എങ്ങനെയും ജയിക്കാനുള്ള വോട്ടു നേടണമെന്നതു്, അതു മാത്രമാണു പ്രശ്നം. അതിനാൽ ഒരു കൊള്ളക്കാരന്റെ സഹായത്തിനു പല രാഷ്ട്രീയകക്ഷികൾ വിലപേശുന്നു. വോട്ട് നേടി അധികാരത്തിൽ വരുന്നവർക്കു വോട്ടു നല്കിയവരോട് ഒരു ഉത്തരവാദിത്തവും ഇല്ലാത്ത പരിതഃസ്ഥിതിയിൽ ഇതു് ഇങ്ങനെയല്ലേ വരൂ?

(25 മെയ്, 1980)

## 126. ഓടക്കുഴൽ

മലയാളപുസ്തകങ്ങളിൽ ആദ്യമായി അഖിലഭാരതപ്രശസ്തിയാർജിച്ചതു് ജി. ശങ്കരക്കുറുപ്പിന്റെ 'ഓടക്കുഴൽ' എന്ന കവിതാസമാഹാരമാകുന്നു. ഭാഗ്യംചെയ്ത ചില മനുഷ്യരെപ്പററി നാം പറയാറുണ്ടല്ലോ. പുസ്തകങ്ങളെപ്പററിയും 'ഭാഗ്യംചെയ്തവ' എന്നു പറയാമെങ്കിൽ, 'ഓടക്കുഴൽ' ഭാഗ്യംചെയ്ത ഒരു പുസ്തകമാണ്. 'ഓടക്കുഴൽ' പ്രസിദ്ധപ്പെടുത്തുംമുമ്പു തന്നെ കവിതയുടെ 'സാഹിത്യകൗതുകം' നാലു ഭാഗങ്ങളും, 'സൂര്യകാന്തി', 'നവാതിഥി', 'പൂജാപുഷ്പം' 'നിമിഷം', 'ചെങ്കതിരുകൾ', 'അന്തർദാഹം' മുതലായ വേറെയും പല കാവ്യസമാഹാരങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ഇവയിൽനിന്നെല്ലാം തെരഞ്ഞെടുത്ത അറുപതു കൃതികളാണ് 'ഓടക്കുഴ'ലിൽ അടങ്ങിയിട്ടുള്ളതു്. പ്രൊഫസർ എസ്. ഗുപ്തൻനായരുടെ വിസ്തൃതവും വിശദവുമായ ഒരു അവതാരിക ഈ സമാഹാരത്തെ അലങ്കരിക്കുന്നു. ജി.യുടെ കവിതയുടെ വികാസത്തിന്റെ വിവിധ ദശകളെ അപഗ്രഥനംചെയ്ത്, നമ്മുടെ സാഹിത്യത്തിൽ 'ശ്രദ്ധേയ'നായ ഈ കവിക്കുള്ള സവിശേഷമായ സ്ഥാനം നിർദ്ധാരണംചെയ്യുന്ന പ്രസ്തുത അവതാരിക ജി. യെ മനസ്സിലാക്കാൻ